**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **23-01-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ഗവ: പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.ഇ1/13/2024 നമ്പർ ഫയലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ കത്തിന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് അധികവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ കത്തിന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.<br><br>അങ്കണവാടി, ഹോമിയോ ആശുപത്രി, ഫയർ സ്റ്റേഷൻ, സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിന് ടി ഭൂമി അനുയോജ്യമാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയ കത്തിന് ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും അനുയോജ്യതാ സാക്ഷ്യപത്രം പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട അനുയോജ്യത സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ഫയൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്ക് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നും അനുയോജ്യത സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| (ബി) | നിർദ്ദിഷ്ടഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ് ലഭ്യമായിട്ടുണ്ടോയെന്നും കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ആയത് സംബന്ധിച്ച് കടുത്തുരുത്തി വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട വിവരങ്ങൾക്ക് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; | (ബി) | നിർദ്ദിഷ്ടഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട് കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ടി വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും അനുയോജ്യത സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട അനുയോജ്യത സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ഫയൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്ക് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വിവരം ലഭ്യമാക്കാത്ത മറ്റ് വകുപ്പുകൾക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. |
| (സി) | കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ സംബന്ധിച്ച ഫയലിൽ നാളിതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ? | (സി) | കടുത്തരുത്തി ഗവ. പോളിടെക്നിക്ക് കോളേജിന്റെ കൈവശം ഉണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് പൊന്നുംവിലയ്ക്ക് വാങ്ങിയതുമായ സ്ഥലത്ത് ഒരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി ബാക്കിയുള്ള സ്ഥലം പഞ്ചായത്തിന്റെ പൊതു വികസന പ്രവർത്തനങ്ങൾക്കായി വിട്ടു നൽകുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിനോടൊപ്പം നിർദ്ദിഷ്ട ഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർത്ഥനാപത്രം, നിർദ്ദിഷ്ടഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന അനുയോജ്യത സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. മറ്റ് വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായിട്ടുള്ളതായതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട്, ശ്രീ. ഡേവിസ് കടുപ്പിത്തറ എന്നയാൾക്ക് മൂന്നു സെന്റ് സ്ഥലം നൽകണമെന്ന ആവശ്യത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ